✝

# ജ്ഞാനത്തിനായുള്ള പ്രാർത്ഥന

*Prayer for Wisdom & Understanding*

സൃഷ്ടാവായ ദൈവമേ, എല്ലാ പ്രകാശത്തിന്റെയും ജ്ഞാനത്തിന്റെയും ഉറവിടമേ, എല്ലാത്തിനും കാരണമായവനേ, അങ്ങയുടെ ജ്ഞാനത്തിന്റെ പ്രകാശത്തെ എന്റെ ബുദ്ധിയിലേക്ക് അയക്കേണമേ. എന്റെ ഉള്ളിലെ ഇരുട്ടിനെ അകറ്റുകയും വിവേകത്തെ ഉത്തേജിപ്പിക്കുകയും ചെയ്യേണമേ.

ഞാൻ ജനിച്ചുവീണത് അജ്ഞതയിലേക്കാണ്. എന്നെ മൂടിയിരിക്കുന്ന ഇരുട്ടും പാപത്തിന്റെ അന്ധകാരവും എന്നിൽ നിന്ന് എടുത്തുമാറ്റണമേ. എനിക്ക് നല്ല ഗ്രാഹ്യവും ഓർമ്മശക്തിയും കൃത്യമായും അടിസ്ഥാനപരമായും കാര്യങ്ങൾ ഗ്രഹിക്കാനുള്ള കഴിവും നൽകണമേ.

എന്റെ വിശദീകരണങ്ങൾ കൃത്യവും വ്യക്തവും മനോഹരമായും അവതരിപ്പിക്കുന്നതിനുള്ള കഴിവ് നൽകണമേ. ഓരോ കാര്യവും തുടക്കം മുതൽ ഒടുക്കം വരെ കൃത്യമായി ഗ്രഹിക്കാനും അവതരിപ്പിക്കാനുമുള്ള കൃപക്കായുള്ള നിയോഗം ഞാൻ, കർത്താവായ യേശുക്രിസ്തു വഴി ദൈവതിരുമുമ്പിൽ സമർപ്പിക്കുന്നു.

**ആമ്മേൻ.**

❖ ❖ ❖